**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് – കടയ്ക്കൽ ഗ്രാമപഞ്ചായത്ത് - ഫയർ സ്റ്റേഷൻ ഉദ്ഘാടന ചെലവിലേയ്ക്ക് സമീപ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 104/2019/ത.സ്വ.ഭ.വ.      തിരുവനന്തപുരം, തീയതി: 19/01/2019

---

പരാമർശം:-
1. കടയ്ക്കൽ ഗ്രാമപഞ്ചായത്തിന്റെ 05/07/2018 ൽ നടന്ന സാധാരണ മീറ്റിംഗിലെ 1(3)-ാം നമ്പർ തീരുമാനം
2. കടയ്ക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 10/07/2018 ലെ KGP/PRES/108/2018 നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 01/08/2018 ലെ PAN/21022/2018-G1(DP) നമ്പർ കത്ത്.

## <u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ കടയ്ക്കൽ ഗ്രാമ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിൽ പ്രവർത്തിച്ച് വന്നിരുന്ന കടയ്ക്കൽ ഫയൽ സ്റ്റേഷൻ ഗോവിന്ദമംഗലം വാർഡിൽ ചിൽഡ്രൻസ് പാർക്കിന് സമീപം ഗ്രാമ പഞ്ചായത്ത് വിട്ടു നൽകിയ ഭൂമിയിൽ പുതുതായി നിർമ്മാണം പൂർത്തിയാക്കിയ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുവാൻ പോകുകയാണെന്നും 2018 ജൂലൈ മാസം 23 ന് ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിക്കാൻ തീരുമാനിക്കുകയും ആയതിന്റെ സംഘാടന ചെലവിലേക്ക് സമീപ ഗ്രാമ പഞ്ചായത്തുകളായ ചടയമംഗലം, നിലമേൽ, കുമ്മിൾ, ഇട്ടിവ, ചിതറ എന്നിവടങ്ങളിൽ നിന്നും പതിനായിരം രൂപ വീതം അനുവദിക്കുന്നതിനുള്ള ഉത്തരവുണ്ടാകണമെന്നും കടയ്ക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പരാമർശം (2) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. പ്രസ്തുത ആവശ്യത്തിലേയ്ക്കായി ടി ഗ്രാമപഞ്ചായത്തുകളുടെ ഭരണ സമിതി തീരുമാനത്തിന് വിധേയമായി തുക അനുവദിക്കാവുന്നതാണെന്ന് പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്യുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ജില്ലയിലെ കടയ്ക്കൽ ഫയൽ സ്റ്റേഷന്റെ ഉദ്ഘാടന ചെലവിലേക്കായി ചടയമംഗലം, നിലമേൽ, കുമ്മിൾ, ഇട്ടിവ, ചിതറ എന്നീ പഞ്ചായത്തുകളിൽ നിന്നും 10,000/- (പതിനായിരം) രൂപ വീതം ടി ഗ്രാമപഞ്ചായത്തുകളുടെ ഭരണ സമിതി തീരുമാനത്തിനു വിധേയമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ.കെ.ജെ.
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
പ്രസിഡന്റ്, കടയ്ക്കൽ ഗ്രാമപഞ്ചായത്ത്, കടയ്ക്കൽ പി.ഒ, കൊല്ലം - 691536.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം മുഖേന)
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.